(ബി) ഈ ആശുപത്രിയിൽ ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന ഓപ്പറേഷൻ തിയേറ്ററിലേക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും നൽകുവാൻ നടിപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തല്ക്കാലം പരിഗണനയിലില്ല.

(ബി) കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

റാന്നി താലൂക്കാശുപത്രിയിലെ ഡോക്ടർമാർ

31 (4902) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവുമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആശുപത്രിയിൽ സർജനില്ലാത്തതിനാൽ സർജറി വിഭാഗം അടച്ചുപൂട്ടിയ പ്രശ്നത്തിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ ;

(സി) അനസ്തേഷ്യാ ഡോക്ടർ ഇല്ലാത്തതിനാൽ ലേബർ റൂം അടച്ചു പൂട്ടിയ പ്രശ്നം പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് ;

(ഡി) സ്പെഷ്യാലിറ്റി കേഡർ പട്ടികയിൽ അനസ്തേഷ്യസ്റ്റിനെക്കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) എൻ.ആർ.എച്ച്.എം.-ൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ച് താൽക്കാലിക പ്രതിസന്ധി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കരാർ അടിസ്ഥാനത്തിലും സി.ആർ.എസ്. നിയമനത്തിലൂടെയും പി.എസ്.സി. വഴിയും ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ലഭ്യത അനുസരിച്ച് കരാർ അടിസ്ഥാനത്തിൽ അനസ്തേഷ്യാ ഡോക്ടറെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അനസ്തേഷ്യാ വിഭാഗത്തെയും സ്പെഷ്യാലിറ്റി കേഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ആവശ്യമുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് ഡോക്ടർമാരെ നിയമിച്ചുകൊണ്ട് താൽക്കാലിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly